# വിശ്വാസവും വിശ്വാസകാര്യങ്ങളും

ജീവിതത്തിൽ പലരെയും പല കാര്യങ്ങളും നമുക്ക് പറഞ്ഞു വിശ്വസിപ്പിക്കേണ്ടിവരാറുണ്ട്. ചിലപ്പോൾ അത് നമ്മുടെ കാര്യത്തിനാകാം, മറ്റുള്ളവരുടേതിനുമാകാം. അതിനുള്ള പ്രേകരകമാകട്ടെ സ്വാർഥമാകാം, ഗുണകാംക്ഷയുമാകാം.

ചില കാര്യങ്ങൾ നമുക്ക് സ്വയം വിശ്വസിക്കാം, മറ്റുചിലത് മറ്റുള്ളവരുടെ സമ്മർദ്ദത്തിന് വഴങ്ങി വിശ്വസിക്കേണ്ടതായും വരാം.

ലോകത്ത് എല്ലാ കാര്യങ്ങളും ഒരുതരം വിശ്വാസത്തിൻെറ മുകളിലാണ് നീങ്ങുന്നത്.

## എന്താണ് വിശ്വാസം?

വിശ്വാസം എന്തെന്ന് നിർവചിക്കാൻ നാമാരും തുനിഞ്ഞിറങ്ങാറില്ല. വല്ലതും കേട്ടാൽ സൗകര്യമുണ്ടെങ്കിൽ നാം വിശ്വസിക്കും. അത്രതന്നെ. അതിനപ്പുറത്ത് നമുക്കതെപ്പറ്റി ചിന്തിക്കേണ്ട ആവശ്യമില്ല. നിർവചനം നോക്കിയല്ലല്ലോ നാം വിശ്വസിക്കുന്നത്, കാര്യം നോക്കിയിട്ടാണ്.

ഒരു കാര്യം തികഞ്ഞ അറിവോടെയും ദൃഢബോധത്തോടെയും മനസ്സാ അംഗീകരിക്കുന്നതിനെ വിശ്വാസം എന്നു പറയാം. ഒരു കാര്യത്തിൽ വിശ്വസിക്കുകയും അത് തുറന്ന് സമ്മതിക്കുകയും ചെയ്യുകയാണതിൻെറ രീതി. അത് പ്രത്യേകമായ ഒരു ദർശനത്തിലാകുമ്പോൾ വിശ്വാസത്തിന് സൈദ്ധാന്തികഭാവം വരികയും അതുൾക്കൊണ്ട ആളുകൾ ചേർന്ന് സംഘടികത സ്വഭാവത്തിൽ നിലകൊള്ളുകയും ചെയ്യുന്നു. അതിൻെറ തേട്ടത്തിനനുസരിച്ചായിരിക്കും ജീവിതം രൂപപ്പെടുക.

ദൈവിക കാര്യങ്ങളിലുള്ള വിശ്വാസത്തിൻെറ രൂപം അതാണ്. അങ്ങനെയല്ല. നമ്മുടെ തന്നെ നന്മയുടെ ഭാഗധേയവുമായി ബന്ധപ്പെട്ടതാണ്. പക്ഷേ, ഒരു വ്യത്യാസമുണ്ട്. ഭൗതികമായ പലതിലും കേവല വിശ്വാസം മതിയാകും. പ്രവൃത്തിക്ക് അതിൽ വലിയ പങ്കുണ്ടാകണമെന്നില്ല. ഏറിവന്നാൽ ശുഭാപ്തി മാത്രം. എന്നാൽ ദൈവികകാര്യങ്ങൾ വിശ്വാസും പ്രവൃത്തിയും ഒന്നിച്ചുവരിക തന്നെ വേണം. അപ്പോഴേ വിശ്വാസം സാധുവാകുന്നുള്ളൂ. കർമത്തിൻെറ സ്ഥിതിയും അതുതന്നെ. (വിശദീകരണത്തിന് പഞ്ചസ്തംഭങ്ങൾ നോക്കുക)

## വിശ്വാസമാണ് അടിസ്ഥാനം

ഒരു പ്രത്യേക സിദ്ധാന്തത്തിലുള്ള വിശ്വാസവും അതിനനുസൃതമായ അനുഷ്ഠാനവും ജീവിതവുമാണ് ഏതൊരു ദർശനത്തിൻെറയും പ്രത്യേയശാസ്ത്രത്തിൻെറയും അടിസ്ഥാനം. പക്ഷേ, ചില മതങ്ങളിൽ വിശ്വാസത്തിനായിരിക്കും പ്രാമുഖ്യം. മറ്റു ചിലതിൽ അനുഷ്ഠാനങ്ങൾക്കുമായിരിക്കും.

ഖുർആനെ സംബന്ധിച്ചിടത്തോളം അതിൻെറ ജീവിതവ്യവസ്ഥയിൽ വിശ്വാസവും കർമവും തുല്യ പ്രാധാന്യമുള്ള കാര്യങ്ങളാണ്. ഒന്ന് ഒഴിച്ചുനിർത്തിയാൽ മറ്റേത് നിഷ്ഫലമായിരിക്കും. കാരണം, വിശ്വാസകാര്യങ്ങളിൽ ഏതെങ്കിലും ഒന്നിനെ അവഗണിച്ചാൽ ഖുർആൻെറ ജീവിതവ്യവസ്ഥയെന്ന മഹാ സൗധം തന്നെ ഇല്ലാതെയാകും.

വിശ്വാസവും അനുഷ്ഠാനവും എല്ലാ വിധ തകരാറുകളിൽനിന്നും സുരക്ഷിതവും ശുദ്ധവുമായെങ്കിൽ മാത്രമേ അവ സ്വീകാര്യമാവുകയുള്ളൂ. അത് ഖുർആൻ മുന്നോട്ടുവെക്കുന്ന വ്യവസ്ഥയുടെ മാത്രം പ്രത്യേകതയാണത്.

ആറ് കാര്യങ്ങളാണ് ഒരാൾ അടിസ്ഥാനപരമായി വിശ്വസിക്കേണ്ടത്. അവ ഏതെന്ന് ഖുർആനും പ്രവാചകൻ മുഹമ്മദ്(സ)യും പഠിപ്പിക്കുന്നതിങ്ങനെയാകുന്നു: "അല്ലാഹുവിലും അവൻെറ മലക്കുകളിലും അവൻെറ ഗ്രന്ഥങ്ങളിലും അവൻെറ ദൂതന്മാരിലും മരണാനന്തര ജീവിതത്തിലും നന്മ-തിന്മകൾ നിർണിതമാണെന്നതിലും വിശ്വസിക്കുക.

അവ ഓരോന്നിനെയും ലഘുവായി പരിചയപ്പെടാം.

## 1. ഏകദൈവ വിശ്വാസം:

ഈ പ്രപഞ്ചത്തിന് സ്രഷ്ടാവും ഉടമസ്ഥനും ആരാധ്യനുമായി ഒരു ദൈവം മാത്രമേ ഉള്ളൂവെന്നും അവനാണ് തൻെറയും സ്രഷ്ടാവും ഉടമസ്ഥനും ആശ്രയം നല്കുന്നവനുമെന്ന് വിശ്വസിക്കുകയാണ് സർവ പ്രധാനം. അതോടൊപ്പം അവൻ ഏകനും അജയ്യനും അതുല്യനും അദ്വിതീയനുമാണെന്ന് അംഗീകരിക്കണം. പ്രപഞ്ച കാര്യങ്ങളിലെന്നപോലെ തൻെറ ജീവിതത്തിലും അവനുള്ള പരമാധികാരം അംഗീകരിക്കണം. അവനോട് മാത്രമേ പ്രാർഥിക്കാവൂ, അവന് മാത്രമേ ആരാധനകളർപ്പിക്കാവൂ. അവനോട് മാത്രമേ സഹായം തേടാവൂ. അവനെക്കൂടാതെ സങ്കല്പിക്കപ്പെടുന്ന എല്ലാ ദൈവങ്ങളെയും മനസ്സിൽ നിന്നും കർമങ്ങളിൽനിന്നും വെടിയുകയും വേണം. കാരണം, അവയൊന്നും ദൈവങ്ങളല്ല എന്നതുതന്നെ കാരണം.

ഇതത്രെ ഏകദൈവ വിശ്വാസത്തിൻെറ അടിസ്ഥാനം. അവൻ ഏകനും ആരെയും ആശ്രയിക്കാത്തവനുമാണ്. സർവശക്തനും സർവകാല ജ്ഞാനിയുമാണ്. അവൻെറ മഹത്വം വർണിക്കുക സൃഷ്ടികളായ മനുഷ്യർക്ക് സാധ്യമല്ല. സൃഷ്ടികളോട് പരമകാരുണികനും കരുണാനിധിയുമാണ്. സഗുണനും സമ്പൂർണനുമാണ്. സർവോന്നതനും എന്നെന്നും ജീവിച്ചിരിക്കുന്നവനുമാണ്.

ദൈവം ഏകനാണ്, അവനെ മാത്രമേ ആരാധിക്കാവൂ എന്ന അടിസ്ഥാന തത്വമാണ് പ്രവാചകന്മാരൊക്കെ അതത് സമൂഹത്തെ പഠിപ്പിച്ചത്. അതുകൊണ്ടു തന്നെ ദൈവപ്രോക്തമായ എല്ലാ മതഗ്രന്ഥങ്ങളുടെ അടിസ്ഥാനവും ഏകദൈവ വിശ്വാസമാണ്. അതിലേക്ക് വെളിച്ചം വീശുന്ന ഒട്ടേറെ നിർദേശങ്ങൾ അവയിൽ കാണാനാകും. പല ദേവന്മാരെയും ദേവിമാരെയും സങ്കല്പിച്ചാരാധിക്കുന്ന ദർശനങ്ങളിൽ പോലും എല്ലാറ്റിനും മീതെ ഒരു പരമേശ്വരൻ ഉള്ളതായി പ്രസ്താവിക്കുന്നതു കാണാം.

ഈ ഏകദൈവദർശനമാണ് ഖുർആൻ മനുഷ്യരുടെ മുമ്പിൽ സമർപ്പിക്കുന്ന അടിസ്ഥാന ജീവിതതത്വം.

## 2. പ്രവാചകന്മാരിലുള്ള വിശ്വാസം.

ഏകദൈവവിശ്വാസത്തിന് ശേഷം ഒരാൾ അടിസ്ഥാനപരമായി വിശ്വസിക്കേണ്ടത് പ്രവാചകന്മാരിലാണ്.

ഏകദൈവം മനുഷ്യലോകത്തിന് നല്കിയ ജീവിത വ്യവസ്ഥയനുസരിച്ച് അവർ ജീവിക്കുന്നതിന് അവർക്ക് നേതൃത്വം നല്കുവാനും അവരെ അതിൻെറ നിയമനിർദ്ദേശങ്ങൾ അഭ്യസിപ്പിക്കുവാനും ദൈവത്താൽ നിയോഗിക്കപ്പെട്ടവരാണ് പ്രവാചകന്മാർ.

മനുഷ്യവിമോചനമായിരുന്നു എല്ലാ പ്രവാചകന്മാരുടെയും പ്രവർത്തനലക്ഷ്യം, ദൈവകോപത്തിൽനിന്നും അവൻെറ പ്രീതിയിലേക്കുള്ള വിമോചനം, മനുഷ്യരുണ്ടാക്കിയ അടിമത്തത്തിൽനിന്ന് ദൈവത്തിൻെറ മാത്രം അടിമത്തത്തിലേക്കുള്ള വിമോചനം. അതിനുതകുന്നതായിരുന്നു അവരുടെ അധ്യാപനങ്ങൾ. അവരിൽ ആരെയും അവഗണിച്ചുകൊണ്ട് ഒരാൾക്കും ഏകദൈവ വിശ്വാസിയാവുക സാധ്യമല്ല.

പ്രവാചകന്മാർ നമ്മെ അറിയിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത കാര്യങ്ങൾ സംശയത്തിനിടയില്ലാത്ത വിധം ദൈവിക കാര്യങ്ങളായിരുന്നു. അവ മനുഷ്യൻെറ ഭാഗധേയവുമായി ബന്ധപ്പെട്ടതുമായിരുന്നു.

പ്രവാചകന്മാർ ഒരിക്കലും കളവ് പറഞ്ഞിട്ടില്ല. ധിവ്യസന്ദേശത്തിൽനിന്ന് ഒന്നും മറച്ചുവെക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്തിട്ടില്ല. ഏകദൈവം അവരെ ഏല്പിച്ച ജോലി സത്യസന്ധമായി നിർവഹിക്കുകയായിരുന്നു അവർ. അതിന് ഒട്ടേറെ ത്യാഗം അവർ അനുഭവിച്ചു. കള്ളം പ്രചരിപ്പിക്കാൻ മർദ്ദനം ഏല്ക്കേണ്ട ആവശ്യമില്ലല്ലോ. ദേഹേഛക്ക് വിധേയമായി ഒരിക്കൽ പോലും അവർ സംസാരിച്ചിട്ടുമില്ല.

ലോകത്ത് എവിടെയെല്ലാം മനുഷ്യരുണ്ടോ അവിടെയെല്ലാം പ്രവാചകന്മാരും വന്നിട്ടുണ്ട്. ദൈവിക സന്ദേശം പിൻപറ്റി ജീവിക്കുന്നവർക്ക് സന്തോഷവാർത്തയും ധിക്കരിച്ചവർക്ക് ശിക്ഷയെക്കുറിച്ച മുന്നറിയിപ്പും നല്കുന്നതിനു വേണ്ടിയാണ് അവർ ആഗതരായത്. മാത്രവുമല്ല, അവർ പറയുന്ന കാര്യങ്ങൾ ഏറ്റപ്പറ്റില്ലാത്ത വിധം സമൂഹത്തിനു മുമ്പിൽ ജീവിച്ചുകാണിക്കുക കൂടി ചെയ്തു. ദൈവവിശ്വാസത്തെ ശുദ്ധീകരിക്കാനും മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം ശുദ്ധവും കരുത്തുറ്റതുമാക്കാനുമായിരുന്നു പ്രവാചകന്മാർ അവരുടെ ദൗത്യങ്ങളിൽ പ്രധാനമായും ശ്രദ്ധിച്ചിരുന്നത്. അതുതന്നെയായിരുന്നു പ്രവാചകത്വത്തിൻെറ ലക്ഷ്യവും.

(അധിക വായനക്ക് പ്രവാചകത്വം കാണുക.)

## 3. മലക്കുകളിലുള്ള വിശ്വാസം:

അല്ലാഹുവിൻെറ ആദരണീയരായ ദാസന്മാരാകുന്നു മലക്കുകൾ അഥവാ മാലാഖമാർ. ദൈവത്തിൻെറ കല്പനകൾ സിരസാവഹിച്ച് പ്രപഞ്ചഭരണത്തിൽ അവനെ സഹായിച്ചുകൊണ്ടിരിക്കുന്ന പ്രത്യേക സൃഷ്ടികളാണവർ.

പ്രകാശം കൊണ്ടാണ് അവർ സൃഷ്ടിക്കപ്പെട്ടത്. മനുഷ്യർക്ക് അവരെ കാണാനാകില്ല. പ്രപഞ്ചസംവിധാനത്തിലെ ഓരോ വകുപ്പിലും ഓരോ വിഭാഗം മലക്കുകളെ ദൈവം നിശ്ചയിച്ചിട്ടുണ്ട്. ആ കൃത്യനിർവഹണത്തിൽ മനഷ്യരെപ്പോലെ സ്വാധികാരമോ തിരഞ്ഞെടുപ്പു സ്വാതന്ത്ര്യമോ ഉള്ളവരല്ല മലക്കുകൾ. അവരെ ഏല്പിച്ച ഉത്തരവാദിത്തത്തിനപ്പുറമുള്ള കാര്യങ്ങളെ സംബന്ധിച്ച് അവർ അചിന്ത്യരാണ്.

ഏതവസ്ഥയിലും അവർ ദൈവ കല്പനക്ക് വിധേയരാണ്. അതല്ലാത്ത ചിന്തയോ വികാരമോ അവർക്കില്ല. അല്ലാഹുവിങ്കൽ ഏറ്റവും വിശ്വാസയോഗ്യരായ സൃഷ്ടികൾ മലക്കുകളാണ്. വിശുദ്ധഖുർആനും പ്രവാചകനും പരിചയപ്പെടുത്തിയ പ്രധാന മലക്കുകളും വകുപ്പും ഇപ്രകാരമാണ്.

- ജിബ്രീൽ (ഗബ്രിയേൽ): പരിശുദ്ധാത്മാവ് എന്നാണ് ഖുർആൻ ജിബ്രീലിനെ വിശേഷിപ്പിച്ചത്. പ്രവാചകന്മാർക്ക് ദൈവികസന്ദേശം എത്തിച്ചു കൊടുക്കുകയാണ് ജിബ്രീലിൻെറ വകുപ്പ്.
- മീകാഈൽ: മഴ വർഷിപ്പിക്കുകയാണ് ഈ മലക്കിൻെറ ഉത്തരവാദിത്തം.
- രിദ്വാൻ: സ്വർഗത്തിൻെറ മേൽനോട്ടം ഈ മലക്കിൻെറ കർത്തവ്യമാകുന്നു.
- മാലിക്: നരകത്തിൻെറ കാവൽക്കാരനാകുന്നു മാലിക്ക്.
- റഖീബ്, അതീദ്: ഈ രണ്ടു മലക്കുകളും മനുഷ്യൻെറ കർമങ്ങൾ സസൂക്ഷ്മം വീക്ഷിക്കുകയും രേഖപ്പെടുത്തിവെക്കുകയും ചെയ്യുന്നുണ്ട്. അതത്രെ അവരുടെ ചുമതല.
- മുൻകർ, നകീൻ: മരണശേഷം മനുഷ്യൻെറ കർമങ്ങളെ ഹിതപരിശോധനക്ക് വിധേയമാക്കുന്ന വിഭാഗമത്രെ ഇവർ.
- ഇസ്റാഫീൽ: അന്ത്യദിനം ആസന്നമാകുമ്പോൾ കാഹളത്തിൽ ഊതുന്ന ഉത്തരവാദിത്തം ഈ മലക്കിൻെറതാണ്.
- അസ്റാഈൽ: മരണത്തിൻെറ മാലാഖയത്രെ ഇത്.
  ആദരണീയരും വിശ്വസ്തരുമായ പ്രത്യേക സൃഷ്ടികളാണ് മലക്കുകൾ എന്ന് ഖുർആൻ ഇവരെ പുകഴ്ത്തുകയുണ്ടായി.

## 4. വിശുദ്ധ വേദങ്ങളിലുള്ള വിശ്വാസം

തൻെറ സ്രഷ്ടാവിനെ കണ്ടെത്തുവാനും അവൻെറ ഹിതാഹിതങ്ങളെക്കുറിച്ചറിയാനും മനുഷ്യന് സാധിക്കുമായിരുന്നില്ല. അവൻെറ കഴിവ് അതിന് പര്യാപ്തമായിരു

ന്നില്ല. അതിനുതകുന്ന യാതൊരു ശക്തിയും വിജ്ഞാന സ്രോതസ്സും അവൻെറ മുമ്പി ലുണ്ടായിരുന്നില്ല. ജീവിതമോചനവും വിജയവും ലഭിക്കുവാൻ പിന്നെ എന്തുണ്ട് മാർഗം? തീർച്ചയായും അവനതിന് ഉത്തരം ലഭിക്കേണ്ടത് ഭൗതികമാനദണ്ഡങ്ങൾ വെച്ചുകൊ ണ്ടായിരുന്നില്ല. തികച്ചും ദൈവികമായ മറുപടി തന്നെ അവന് ആവശ്യമായിരുന്നു. കാരണം, ദൈവികനിർദ്ദേശങ്ങളിൽ പലതും അവൻെറ പരലോക പരിണതിയുമായി ബന്ധപ്പെട്ടതായിരുന്നു.

അക്കാര്യത്തിൽ സർവശക്തനായ ദൈവം നിസ്സഹായമായ ഒരവസ്ഥയിൽ അവനെ വിട്ടില്ല. പ്രകൃത്യാ പലതിനെക്കുറിച്ചും ബോധനം നല്കി സൃഷ്ടിച്ച ഏകദൈവം ഈ പ്രശ്നത്തിനും പരിഹാരം നല്കി അവനെ സഹായിച്ചു. അതായിരുന്നു പ്രവാചക നിയോഗം. എന്നാൽ പ്രവാചക നിയോഗം ഉണ്ടാവുകയില്ലല്ലോ. പിന്നെ പരിഹാരമെ ന്തുണ്ട്? അതിനാണ് വിശുദ്ധ ഗ്രന്ഥങ്ങൾ നല്കി അവൻ തൻെറ ദാസന്മാരെ സഹായിച്ചത്..

പ്രവാചകന്മാരിലൂടെയാണ് നമുക്ക് വേദഗ്രന്ഥങ്ങൾ ലഭിച്ചത്. അവരിൽ പലർക്കും ഏകദൈവം തൻെറ മാർഗനിർദ്ദേശങ്ങളും ശാസനകളുമടങ്ങിയ വിശുദ്ധ ഗ്രന്ഥങ്ങൾ നല്കിട്ടുണ്ട്. അതത് കാലഘട്ടത്തിനനുസൃതമായ നിയമ വ്യത്യാസങ്ങൾ ഉണ്ടായിരു ന്നെങ്കിലും സാരാംശത്തിൽ അവയൊക്കെ ഒരേ അധ്യാപനങ്ങളാണ് ഉൾക്കൊള്ളുന്നത്. അഥവാ സ്രഷ്ടാവും മനുഷ്യരും തമ്മിലുള്ള ബന്ധമെന്ത്? ആ ബന്ധത്തിൻെറ സ്വഭാവ മെന്ത്? ആ ബന്ധത്തിന് വല്ല കർമ-ചിന്താ രീതിയുമുണ്ടോ? അതെന്താണ്? മനുഷ്യൻ ആരാണ്? അവൻെറ ജീവിത യാഥാർഥ്യം എന്ത്? അവൻ ജീവിക്കേണ്ടത് എങ്ങനെ? തുടങ്ങി മനുഷ്യനുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് അവയുടെയൊക്കെ പ്രമേയം.

ഒരു വിശ്വാസിക്ക് ഈ ഗ്രന്ഥങ്ങളിൽ മുഴുവൻ വിശ്വസിക്കൽ അനിവാര്യമാണ്. അവൻെറ വിശ്വാസം സ്വീകാര്യമാവാനുള്ള നിബന്ധനയാണത്.

ചില കാര്യങ്ങൾ ഗ്രന്ഥങ്ങളിലൂടെ നമുക്ക് വെളിച്ചം ലഭിക്കേണ്ടത് ആവശ്യമാണ്.

1. ആരാണ് മനുഷ്യൻെറയും ഈ പ്രപഞ്ചത്തിൻെറയും സ്രഷ്ടാവ്? അവനുമായി മനുഷ്യനുള്ള ബന്ധമെന്ത്?
2. മനുഷ്യനിയോഗത്തിൻെറ ലക്ഷ്യമെന്ത്? അതിൻെറ പരിണതിയെന്ത്?
3. മനുഷ്യജീവിതം ഈ ജീവിതത്തോടെ അവസാനിച്ചുവോ അതല്ല, അതിനപ്പുറം അതിന് യാഥാർഥ്യം വല്ലതുമുണ്ടോ?
4. ആരാണ് പ്രവാചകന്മാർ? അവരുടെ സ്ഥാനമെന്ത്? മനുഷ്യജീവിതത്തിൽ അവരുടെ സ്വാധീനമെന്ത്?

ഈ വിഷയങ്ങൾക്ക് ശരിയായ രീതിയിൽ ഉത്തരം നല്കുകയും മനുഷ്യജീവിതത്തിന് ശരിയായ ദിശ നിർണയിച്ചുകൊടുക്കുകയും ചെയ്യാൻ പര്യാപ്തമാം വിധം ദൈവ പ്രോക്തവും മനുഷ്യരുടെ കൈകടത്തലുകൾ ഏല്ക്കാത്തതുമായിരിക്കണം ഗ്രന്ഥങ്ങൾ. ഏകദൈവത്തെപ്പറ്റിയും അവൻെറ പ്രവാചകന്മാരെപ്പറ്റിയും പരലോകഗതിയെപ്പറ്റിയും അവിടെ മോക്ഷം ലഭിക്കാൻ ചെയ്യേണ്ടതെന്തെന്നും അത് തൃപ്തികരമായി പറഞ്ഞു തരണം. അവ ഏതെന്ന് കണ്ടുപിടിക്കലും അതിനനുസൃതമായി ജീവിക്കലും മനുഷ്യ ബാധ്യതയാകുന്നു.

പ്രധാനമായും നാല് ഗ്രന്ഥമാണ് അവതീർണമായിട്ടുള്ളത്. അവ:

♦ഇബ്റാഹീം നബിയുടെ ഏഡ്: ഇന്ന് അതിൻെറ കോപ്പിയോ അധ്യായങ്ങളോ ലഭ്യമല്ല.

♦തൗറാത്ത് (തോറ): മൂസാ മോസസ്നബിക്ക് അവതരിച്ച ഗ്രന്ഥം. ബൈബിൾ പഴയ നിയമമാണിത്.

♦ഇഞ്ചീൽ: ഈസാനബി(യേശു ക്രിസ്തു)ക്ക് നല്കിയ ഗ്രന്ഥം. ഇന്ന് ബൈബിൾ പുതിയ നിയമമാണിത്.

♦സബൂർ: ദാവൂദ് നബി (ദാവീദ്)ക്ക് അരുളിയത്. ഈ ഗ്രന്ഥവും ഇന്ന് ബൈബിൾ പഴയ നിയമത്തിൽ അടങ്ങിയിരിക്കുന്നു.

♦ഫുർഖാൻ (ഖുർആൻ): മുഹമ്മദ് നബിക്ക് അരുളിയത്. അവസാനത്തെ ആകാശ ഗ്രന്ഥമാണിത്.

## ഖുർആൻ

ഖുർആൻ മുഴുലോകത്തിനും എല്ലാ കാലത്തേക്കുമായി ദൈവം അരുളിച്ചെയ്ത ഗ്രന്ഥമാണ്. അത് ഏതെങ്കിലും ഒരു സമുദായത്തിന് മാത്രം അവകാശപ്പെട്ടതല്ല. ഭൂമിശാസ്ത്രപരമായ അതിർവരമ്പുകളും കാലപരിധികളും അതിന് ബാധകമല്ല. മനുഷ്യ വിമോചനമാണ് അതിൻെറ പ്രമേയം.

"അല്ലയോ ജനങ്ങളേ" എന്ന ഖുർആൻെറ വിളി എത്ര ഗുണകാംക്ഷാനിർഭരമാണെന്നോ! കാരണം, ജനം ഏകദൈവത്തിൻെറ മോക്ഷത്തിലേക്ക് ചെന്നെത്തണമെന്നാണ് അതിൻെറ തേട്ടവും ഗുണകാംക്ഷയും.

അത്ഭുതങ്ങളുടെ അത്ഭുതം കൂടിയാണത്. നൂറ്റാണ്ടുകളായിട്ടും ഒരു പുള്ളിപോലും തിരുത്തുകയോ കൂട്ടിച്ചേർക്കുകയോ പൂഴ്ത്തിവെക്കുകയോ ചെയ്യാത്ത ഗ്രന്ഥത്തെ പിന്നെ എന്തു വിശേഷിപ്പിക്കാൻ! ജനം ഭാഷയുടെ പേരിൽ അഹങ്കരിച്ചിരുന്ന ഒരു കാലത്ത് അതേ ഭാഷയിൽ എന്നാൽ ഉന്നത ശൈലിയിലും ചാതുരിയിലും ഘടന യിലും ഒക്കെ മികവ് പുലർത്തിക്കൊണ്ട് അത് അവതരിച്ചത്. അതുപോലൊന്ന് പിന്നെ ഉണ്ടായിട്ടില്ല, കാലത്തിന് മറ്റൊന്നിൻെറ ആവശ്യവുമില്ല. അത്ര സമഗ്രമാണത്.

മനുഷ്യജീവിതത്തിന് സമ്പൂർണ ജീവിതവ്യവസ്ഥ സമർപ്പിക്കുന്ന ഒരേയൊരു ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. തികച്ചും പ്രായോഗികമാണ് അതിൻെറ ജീവിതവീക്ഷണവും വ്യവസ്ഥയും. അത് ലോകത്ത് പ്രാവർത്തികമാക്കുന്നതിനുവേണ്ടിയാണ് ഇരുപത്തിമൂന്നു കൊല്ലക്കാലം നീണ്ടുനിന്ന ഘട്ടംഘട്ടമായി അവതരിച്ചത്.

മനുഷ്യമനസ്സുകൾക്കത് സമാധാനമാണ്. വ്യക്തിയെ സംസ്കരിച്ചു വിശുദ്ധിയുടെ വേറിട്ട അസ്തിത്വം അതവന് നല്കുന്നു. കുടുംബത്തിന് മൂല്യങ്ങളുടെ കെട്ടുറപ്പ് നല്കി ആരോഗ്യകരമായ സമൂഹത്തെ വാർത്തെടുക്കുന്നു. ഭദ്രമായ അടിത്തറയിൽ രാഷ്ട്രത്തെ കെട്ടിപ്പടുക്കുന്നു. മൊത്തത്തിൽ ലോകത്തിന് ശാന്തി പ്രദാനം ചെയ്യുന്നതിൽ അതിൻെറ നിർദ്ദേശങ്ങൾ നിസ്തുലമാണ്.

സമാധാനത്തിൻെറ ശബ്ദമാണതിൻെറത്. മനുഷ്യരുമായി ഏകോദരസാഹോദര്യത്തോടും സ്നേഹത്തോടും കൂടി വർത്തിക്കണമെന്നും പരസ്പരം ആദരിക്കണമെന്നും അത് ലോകത്തെ പഠിപ്പിക്കുന്നു. ഈ അധ്യാപനം തീവ്രതയിൽനിന്ന് മനുഷ്യരെ മോചിപ്പിക്കുന്നു. ഖുർആൻെറ മാനുഷിക പ്രതിപത്തിയാണത്.

മനുഷ്യൻെറ സാമൂഹികോന്നമനം ഉറപ്പ് വരുത്തുന്നതിന് ഖുർആനോളം പോന്ന മറ്റൊന്നില്ല. അവൻെറ നീതിക്കു വേണ്ടി, അവകാശ സംരക്ഷണത്തിനു വേണ്ടി, സ്വാതന്ത്ര്യത്തിനു വേണ്ടി, സമത്വത്തിനു വേണ്ടി, സത്യത്തിനു വേണ്ടി, ധർമത്തിനു വേണ്ടി, നന്മക്കു വേണ്ടി, ഉന്നതിക്കു വേണ്ടി, സമാധാനത്തിനു വേണ്ടി, ശാന്തിക്കു വേണ്ടി, വിമോചനത്തിനു വേണ്ടി, പുരോഗതിക്കു വേണ്ടി, മറ്റു മൗലികാവകാശങ്ങൾക്കു വേണ്ടി....... അനേകം കാര്യങ്ങൾക്കു വേണ്ടി അത് മനുഷ്യകുലത്തിന് തണലായി നിൽക്കുന്നു.

ചിന്തയെ ഉജ്ജ്വലമാക്കുന്നതിൽ അതിൻെറ പങ്ക് വലുതാണ്. വിചാര-വിശ്വാസ തലങ്ങളിൽ അത് വരുത്തുന്ന പരിവർത്തനം എത്രമേൽ വിസ്മയാവഹമാണ്!

മനുഷ്യനെ എല്ലാം തികഞ്ഞവനാക്കുന്നതിൽ വിജയിച്ച ഒരേയൊരു ഗ്രന്ഥമാണ് ഖുർആൻ. മനുഷ്യൻ പൊതുവെ അജ്ഞനാണ്. അജ്ഞതക്കപ്പുറത്തെ വിജ്ഞാന സാഗരത്തിലേക്ക് അവൻെറ ചിന്തയെ കൊണ്ടുപോവുകയാണ് ഖുർആൻ ചെയ്യുന്നത്.

വായിക്കപ്പെടുന്നത് എന്നാണ് ഖുർആൻെറ അർഥം. ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള ലക്ഷക്കണക്കിന് ആളുകൾ ദിനേന തങ്ങളുടെ പ്രാർഥനയിലും അല്ലാതെയും അത് പാരായണം ചെയ്യുന്നു. ലക്ഷക്കണക്കിന് ആളുകൾ ഹൃദിസ്ഥമാക്കുന്നുമുണ്ട്. അത്രമാത്രം ഹൃദിസ്ഥമാക്കപ്പെടുന്ന ഗ്രന്ഥം വേറെയില്ല. എന്നാൽ കേവലം പാരായണത്തിനുള്ളതല്ല, ആചരിക്കാനത്രെ അത് തന്നയച്ചത്.

മനുഷ്യനെ വിശുദ്ധനാക്കുകയും ദൈവിക പാരിതോഷികത്തിലേക്ക് കൈപിടിച്ചാനയിക്കുകയും ചെയ്യുന്ന അത് ധാർമിക, സദാചാരമുറകളെ എത്ര ഭംഗിയായിട്ടാണ് മനുഷ്യരെ അഭ്യസിപ്പിക്കുന്നതെന്നോ!

ദൈവവുമായുള്ള തീവ്രബന്ധത്തെ ഇത്രമാത്രം പ്രതിപാദിക്കുകയും അതിനാവശ്യമായ കാര്യങ്ങളെ വിശദീകരിച്ച് ലോകത്തെ തെര്യപ്പെടുത്തുകയും ചെയ്യുന്ന ഉന്നത ഗ്രന്ഥം വേറെയില്ല.

മനുഷ്യബുദ്ധിയോടാണത് സംവദിക്കുന്നത്. ഹൃദയത്തോടാണതിൻെറ ഗുണകാംക്ഷ. കർമരംഗമാണതിൻെറ പരിവർത്തന രംഗം.

അതൊരു ശാസ്ത്രീയ ഗ്രന്ഥമല്ല. പക്ഷേ, അതിലെ ചില പരാമർശങ്ങൾ ശാസ്ത്രകാരന്മാരെപ്പോലും അത്ഭുതപ്പെടുത്തുന്നതായിരുന്നു. അതാവട്ടെ വിഖ്യാതരായ ഏറെ ശാസ്ത്രകാരന്മാരെ അതിൻെറ വാഹകരാക്കുകയുണ്ടായി.

## 5. പരലോക വിശ്വാസം (മരണാനന്തര ജീവിതം)

ഒരു ദിനം പ്രപഞ്ചത്തിനുടമയായ ദൈവം ഈ കാണുന്ന പ്രപഞ്ചത്തെയും അതിലെ ജീവജാലങ്ങളെയും നശിപ്പിക്കുന്നതാണ്. പിന്നീട് ദൈവം എല്ലാ ജനങ്ങൾക്കും വീണ്ടുമൊരു ജന്മം നല്കി അവൻെറ മുമ്പിൽ ഹാജറാക്കും. മനുഷ്യർ ഈ ലോകത്ത് പ്രവർത്തിച്ച മുഴുവൻ കർമങ്ങളെയും ദൈവം പരിശോധിക്കും. ഓരോ വ്യക്തിയെയും പ്രത്യേകം പ്രത്യേകം വിചാരണക്കു വിധേയമാക്കും. നന്മ കൂടുതൽ ചെയ്തവർക്ക് അതിനുള്ള പ്രതിഫലവും തിന്മ കൂടുതൽ ചെയ്തവർക്ക് ശിക്ഷയും നല്കും. നന്മയുടെ പ്രതിഫലം സ്വർഗവും തിന്മയുടെ പ്രതിഫലം നരകവുമാണ്.

എല്ലാ മതവിഭാഗങ്ങളും പരലോകവിശ്വാസത്തെ സംബന്ധിച്ച് വ്യക്തമായ ധാരണയും വിശ്വാസവും ഉള്ളവരാണ്. അതത് മതഗ്രന്ഥങ്ങൾ പരലോകത്തെ പരാമർശിക്കുകയും അതിൻെറ വിശ്വാസികളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

പരലോകത്തെ നിഷേധിക്കുന്നത് ദൈവനിഷേധത്തിന് തുല്യമാണ്. ഏകദൈവവിശ്വാസവും പ്രവാചകവിശ്വാസവും പരലോക വിശ്വാസവും പരസ്പര പൂരകമാണ്. ഒന്ന് ഇല്ലാതായാൽ മറ്റുള്ളവ നിഷ്ഫലമാണെന്നർഥം.

ചരിത്രാധീത കാലം മുതൽ തന്നെ പരലോക വിശ്വാസം നിലവിലുണ്ട്. മരണത്തോടുകൂടി അവസാനിക്കുന്നതാണ് ജീവിതമെങ്കിൽ നന്മ, സത്യം, പരോപകാരം, സേവനം തുടങ്ങിയവക്കൊന്നിനും യാതൊരു വിലയുമുണ്ടാവുകയില്ലല്ലോ. അധർമം ചെയ്തു ജീവിക്കുന്നവർക്ക് യാതൊരു ശിക്ഷയുമില്ലെങ്കിൽ നന്മ ചെയ്തു ജീവിക്കുന്നവർക്ക് പിന്നെ എന്തു വിലയാണുണ്ടാവുക? അതുകൊണ്ടുതന്നെ മരണാനന്തരം ഒരു ജീവിതം ഉണ്ടായിരിക്കണമെന്ന് ബുദ്ധിയും യുക്തിയും ആവശ്യപ്പെടുന്നു. അവിടെ വെച്ച് നന്മക്ക് പ്രതിഫലവും തിന്മക്ക് ശിക്ഷയും ലഭിക്കണം. അത്തരം ലോകമാണ് പരലോകം. തികഞ്ഞ നീതിയുടെ ലോകമാണത്. ഭൗതിക ലോകത്തിലെപ്പോലെ യാതൊരു ശിപാർശയും ഫലം ചെയ്യാത്ത, ഒരാളും മറ്റൊരാൾക്ക് ഒരു വിധത്തിലും ഉപകാരം ചെയ്യാനാകാത്ത ലോകം. വിശ്വാസവും അതനുസരിച്ച സൽക്കർമവുമാണ് അവിടെ ഫലം ചെയ്യുക.

മരണമില്ലാത്ത ലോകമാണത്. ഭൗതികലോകത്തു വെച്ച് പ്രവർത്തിച്ച പ്രവർത്തനങ്ങളുടെ ഫലം അനുഭവിക്കുക മാത്രമേ അവിടെ വെച്ച് മനുഷ്യന് ചെയ്യാനുള്ളത്.

പരലോകത്തിലെ പുനർജന്മത്തെപ്പറ്റി അവിശ്വാസമോ വികലമായ വിശ്വാസമോ അവലംബിച്ചവർ പലരുമുണ്ട്. മണ്ണായി കഴിഞ്ഞ ശേഷം അതേ ശരീരത്തെ വീണ്ടും ഉയിർത്തെഴുന്നേല്പിക്കാനാകില്ല എന്നതാണ് പ്രധാന ആരോപണം. ഏറെ ഭദ്രവും യുക്തവുമായ രീതിയിൽ ഖുർആൻ അതിന് മറുപടി നല്കുന്നുണ്ട്. ഇല്ലായ്മയിൽനിന്ന് ഒരിക്കൽ സൃഷ്ടിച്ച ഏകദൈവത്തിന് വീണ്ടുമൊരിക്കൽ കൂടി അതേ പടി സൃഷ്ടിക്കുവാൻ കഴിവില്ലെന്നോ? എന്ന് പരലോകനിഷേധികളോട് ഖുർആൻ ചോദിച്ചു.

(അധിക പാരായണത്തിന് മരണാനന്തര ജീവിതം കാണുക.)

## 6. വിധിവിശ്വാസം

മനുഷ്യൻ വിശ്വസിക്കേണ്ട അടിസ്ഥാനപരമായ ഒരു കാര്യമാണ് നന്മയും തിന്മയും നിർണിതമാണെന്ന കാര്യം- വിധിയിലുള്ള വിശ്വാസം.

ലോകത്ത് എന്തെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുന്നു, എന്തെല്ലാം ഉണ്ടായിക്കഴിഞ്ഞു, ഇനി എന്തെല്ലാം ഉണ്ടാകും, അതൊക്കെയും സർവശക്തനായ പ്രപഞ്ചനാഥൻെറ മുൻ കൂട്ടിയുള്ള അറിവും തീരുമാനവും അനുസരിച്ചാകുന്നു. ആരെല്ലാം എന്തെല്ലാം അനുഭ വിച്ചു, അനുഭവിക്കുന്നുണ്ട്, അനുഭവിക്കാനുണ്ട്, ഇതും സ്രഷ്ടാവിൻെറ അറിവും തീരു മാനവും അനുസരിച്ചുള്ളതു തന്നെയാണ്. അവൻ ഇഛിക്കുന്നതു മാത്രമേ ലോകത്ത് സംഭവിക്കുന്നുള്ളൂ. അവൻെറ തീരുമാനങ്ങൾക്കപ്പുറം ആർക്കും ഒന്നും ചെയ്യാൻ സാധി ക്കില്ല. അവൻ ഇഛിച്ചു നല്കിയത് അനുഭവിക്കുവാനേ മനുഷ്യന് സാധിക്കുകയുള്ളൂ. അതിനപ്പുറമുള്ളത് അവന് അപ്രാപ്യം. ഇതാണ് വിധിവിശ്വാസത്തിൻെറ രത്നച്ചുരുക്കം.

സൃഷ്ടികർമം തുടങ്ങുമ്പോൾ തന്നെ സ്രഷ്ടാവിന് ഒരോന്നിനെക്കുറിച്ചും പൂർണ വിവരമുണ്ട്. ആ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഒരു തീരുമാനവും വിധിയും അവൻ കൈക്കൊള്ളുകയും ചെയ്യുന്നു.

സാമ്പത്തിക പ്രയാസങ്ങൾ, ഉറ്റവരുടെ വിയോഗം, രോഗം, ദുരന്തങ്ങൾ, പരാജയ ങ്ങൾ തുടങ്ങി ജീവിതത്തിൻെറ അനുഭവങ്ങൾ പല രീതിയിലാണ്. അതൊക്കെയും ഏകദൈവത്തിൽനിന്നുള്ളതാണെന്ന് വിശ്വസിക്കുകയും സമാധാനിക്കുകയും ചെയ്യുക യാണ് മനുഷ്യൻെറ കർത്തവ്യം. അതനിപ്പുറത്തുള്ള കാര്യങ്ങളെപ്പറ്റി അവൻ അജ്ഞ നാണ്. നിസ്സഹായനും.

ഈ പ്രശ്നം മനുഷ്യൻെറ പഠനത്തിനും ഗവേഷണത്തിനും ഉപരിയായ, അതിഭൗതി യാഥാർഥ്യവുമായി മാത്രം ബന്ധപ്പെട്ടതാണ്. അതെ സംബന്ധിച്ച ചർച്ചക്ക് സ്ഥാന മില്ല. അത്തരം ചർച്ചകളിൽ നിങ്ങൾ ഏർപ്പെടരുതെന്ന് ഒരിക്കൽ പ്രവാചകൻ മുഹമ്മദ്(സ) തൻെറ അനുയായികളോട് അല്പം ഗൗരവത്തോടെ തന്നെ പറയുകയു ണ്ടായി.

ചീത്തയും നന്മയുമായ കാര്യങ്ങൾ മുഴുവൻ പ്രപഞ്ചത്തിനുടമയായ ഈശ്വരൻെറ കൈയിലുള്ളതാണ്. ചീത്തയുണ്ടാകുമ്പോൾ വികാരം കൊള്ളുന്നതും ദേഷ്യം പ്രകടിപ്പി ക്കുന്നതും അവിവേകമാണ്. നന്മയുണ്ടാകുമ്പോൾ മതിമറന്ന് സന്തോഷിക്കുന്നതുപോലെ ത്തന്നെ.

ജീവിതത്തിൻെറ ഏതവസ്ഥയിലും പതറാതെ പിടിച്ചുനിൽക്കാൻ സാധിക്കണമെങ്കിൽ ഏകദൈവത്തിൽ അചഞ്ചലമായ വിശ്വാസം ഉണ്ടായേ തീരൂ. കാരണം, ഒരു ക്ലേശത്തിനു ശേഷം അവൻ ഒരു മോചനം നിർണയിച്ചിട്ടുണ്ട്. ഈ വിശ്വാസത്തിൻെറയും പ്രതീക്ഷയു ടെയും അഭാവമാണ് വിപത്തുകൾക്കു മുമ്പിൽ പതറുന്നതും ആത്മഹത്യക്കു പോലും ഒരുമ്പെടുന്നതും.

നിരാശനാകാതിരിക്കുക എന്നതത്രെ മനുഷ്യൻെറ ബാധ്യത. കാരണം, ദൈവത്തി ൻെറ അറിവ് നമുക്ക് പ്രത്യക്ഷമല്ല. ഇപ്പോഴല്ലെങ്കിൽ എപ്പോഴെങ്കിലും അവർക്ക് മാർ ഗദർശനവും മോചനവും ലഭിച്ചേക്കാം. കാരണം, കരുണ ചൊരിയുക എന്നതാണ് ഏകദൈവത്തിൻെറ ജോലി. എല്ലാം അവൻെറ കരുണയെ ആശ്രയിച്ചാണ് നിലനിൽക്കു ന്നത്. പാപികളെ നന്നാക്കിയെടുക്കുന്നതും കഷ്ടപ്പെട്ടവന് മോചനം നല്കുന്നതു മൊക്കെ ഈ കാരുണ്യമാണ്. ആ കാരുണ്യത്തെ സംബന്ധിച്ച് ശുഭാപ്തി വിശ്വാസമാണ് മനുഷ്യന് ഉണ്ടാകേണ്ടത്. പ്രപഞ്ചത്തെ മുഴുവൻ പുണർന്നുനിൽക്കുന്ന കാരുണ്യം എപ്പോൾ ലഭിക്കുമെന്ന അറിവ് നമ്മുടെ പക്കലല്ല അവൻെറ പക്കലാണ്. അവൻെറ നിശ്ചയവും യുക്തിയും അറിവും അനുസരിച്ചാണ് അത് വിധിക്കപ്പെടുന്നത്. അതു കൊണ്ടാണ് ഏകദൈവം പൊറുക്കുന്നവനാണ്, സഹായിക്കുന്നവനാണ്, അതെപ്പറ്റി നിങ്ങൾ നിരാശരാകരുത് എന്നൊക്കെ ദൈവദൂതന്മാർ പഠിപ്പിക്കാൻ കാരണം.

എല്ലാം ദൈവത്തിൽനിന്നാണെന്ന ബോധ്യത്തോടെ, കാര്യങ്ങൾ അവനിൽ ഭരമേല്പി ക്കുകയാണ് വിവേകം. അവനെ ഭരമേല്പിക്കുന്ന ഒന്നും അവൻ പാഴാക്കില്ല എന്ന

ദൃഢനിശ്ചയം മനസ്സിൽ ഉണ്ടായിരിക്കണം. ഏതവസ്ഥയിലും നാം കർമത്തിൽ മുഴുകണമെന്നു തന്നെയാണ് ദൈവകല്പന. അക്കാര്യത്തിൽ മുൻവിധിയോ നിരാശയോ പ്രത്യേകമായ അഭിപ്രായ രൂപീകരണമോ നല്ലതല്ല.

നമുക്ക് വിജയമുണ്ടാകുന്നത് നമ്മുടെ അദ്ധ്വാനത്തെ മാത്രം ആശ്രയിച്ചല്ല, ദൈവത്തിൻെറ ഔദാര്യഫലം കൂടിയാണ്. അതിനാൽ അഹങ്കരിക്കുന്നത് അസ്ഥാനത്താണ്. പരാജയമാണ് സംഭവിച്ചതെങ്കിൽ അതിൻെറ പിന്നിൽ സ്രഷ്ടാവ് വല്ല നന്മയും കണ്ടിരിക്കാം. നമ്മുടെ പ്രവൃത്തികൾ കർമപഥത്തിൽ വരുന്നതിനു മുമ്പു തന്നെ അതെപ്പറ്റി അറിവുള്ള സ്രഷ്ടാവ് തന്നെയാണ് ഈവക വിധികർതൃത്വം നമ്മുടെ കാര്യത്തിൽ സ്വീകരിക്കുന്നത്. അതിനാൽ നിരാശരാകാതെ കർമത്തിലേർപ്പെടുക. ബാക്കി അവൻെറ കൃപക്ക് വിട്ടുകൊടുക്കുക.

മനുഷ്യന് തൻെറ ജീവിതവുമായി ബന്ധപ്പെട്ട വീക്ഷണം ഇങ്ങനെയാണ് രൂപീകരിക്കേണ്ടത്: "ജീവിതം ഏകദൈവം തന്നതാണ്. വിഭവങ്ങൾ തരുന്നതും അവൻ തന്നെയാണ്. അവൻ ഇഛിച്ചാൽ കൂടുതൽ ലഭിക്കും. അതനുഭവിച്ച് അവൻെറ ഇംഗിതങ്ങൾക്കൊത്ത് കർമം ചെയ്തു ജീവിക്കുക. അതത്രെ എൻെറ ചുമതല. കർമഫലം നല്കേണ്ടവൻ സ്രഷ്ടാവാണ്." ഇതാണ് ഭാവി ശോഭനമാക്കാനുള്ള തയാറെടുപ്പിന് മനുഷ്യനെ തെര്യപ്പെടുത്തുന്നത്.

ഞാൻ എന്ത് ചെയ്തിട്ടെന്ത്? ഈശ്വരൻ ഇഛിച്ചെങ്കിലല്ലേ കിട്ടുകയുള്ളൂ, ദൈവം ഇഛിച്ചിട്ടില്ലെങ്കിലോ? അതല്ലെങ്കിൽ "ഇത്രയൊക്കെ തെറ്റു ചെയ്ത ഞാൻ ഇനി നന്നാകില്ല" എന്നു തുടങ്ങി "തലയിലെഴുത്തിനെ" ചുറ്റിപ്പറ്റിയുള്ള ഒട്ടേറെ പ്രശ്നങ്ങൾ കേൾക്കാറുള്ളതാണ്. രക്ഷാശിക്ഷകളെ സംബന്ധി ച്ചും സന്മാർഗത്തെ സംബന്ധിച്ചും ഇത്തരം ചോദ്യങ്ങൾ കേൾക്കാറുണ്ട്. മനുഷ്യനോളം പഴക്കമുള്ള പ്രശ്നമാണിത്. ലോകത്തുള്ള എല്ലാ മതങ്ങൾക്കും ദർശനങ്ങൾക്കുമൊക്കെ അതിൻെറതായ ചില വീക്ഷണവും ഇവ്വിഷയകമായിട്ടുണ്ട്.

അതു സംബന്ധമായി ചില കാര്യങ്ങൾ മനസ്സിലാക്കുക.

തെറ്റുകുറ്റങ്ങളുടെ കാര്യം നോക്കുക. അറിയാതെ, അബദ്ധവശാൽ ചെയ്തുപോകുന്ന തെറ്റുകൾ മാപ്പർഹിക്കുന്നവയാകുന്നു. എന്നാൽ മനഃപൂർവവും ബോധപൂർവവും ചെയ്യുന്ന കുറ്റങ്ങൾക്ക് ഉത്തരം പറയേണ്ടതും ശിക്ഷ ഏല്ക്കേണ്ടതുമുണ്ട്. രണ്ടും ഒരേ പ്രവൃത്തിയാണെങ്കിലും അതിൻെറ നിമിത്തങ്ങളും പശ്ചത്തലവും വ്യത്യസ്തങ്ങളാകാം. ഒരു ന്യായവിധികർത്താവിനെ സംബന്ധിച്ചിടത്തോളം ഈ പശ്ചാത്തലവും നിമിത്തവും സുപ്രധാനങ്ങളാണ്. അതെ സംബന്ധിച്ച ബോധം നമ്മുടെ മനസ്സിൽ ഉള്ളതിനാലാണ് നാം തെറ്റിനെയും ശരിയെയും തിരിച്ചറിയുന്നത്. അതിൻെറ അടിസ്ഥാനത്തിൽ തന്നെയാണ് മനുഷ്യനെ നല്ലവനെന്നും ദുഷ്ടനെന്നുമൊക്കെ നാം തിരിച്ചെടുക്കുന്നത്. കണ്ണില്ലാത്തവൻെറ അബദ്ധത്തിന് നാം അവനെ പഴിക്കാറില്ലല്ലോ. കണ്ണുള്ളവൻ അത് ചെയ്യുമ്പോൾ നാം അവനെതിരെ എന്തെങ്കിലും പ്രതികരിക്കുന്നു. എന്നു പറഞ്ഞാൽ സ്വാതന്ത്ര്യമുള്ള മേഖലകളിലാണ് നാം ഉത്തരവാദികളും ശിക്ഷക്കോ രക്ഷക്കോ അർഹരാകുന്നതും. എന്നാൽ തെറ്റ് ചെയ്തതിനാൽ ജീവിത കാലം മുഴുവൻ പാപിയായി കഴിയണമെന്ന് ദൈവം നിശ്ചയിച്ചിട്ടില്ല. അതിനവൻ പശ്ചാത്താപം എന്ന കാരുണ്യത്തിൻെറ മഹാ കവാടം തുറന്നിട്ടിട്ടുണ്ട്. അവൻെറ കാരുണ്യത്തിലും സഹായത്തിലും പ്രതീക്ഷയുള്ള ആർക്കും എപ്പോഴും അതിലെ കടന്നു ചെല്ലാം. പക്ഷേ, പാപം പിന്നെയും ഒരു ശീലമാക്കരുതെന്നു മാത്രം.

അതോടൊപ്പം മനസ്സിലാക്കേണ്ട മറ്റൊരു കാര്യം കൂടിയുണ്ടിവിടെ. അഥവാ, എല്ലാം ദൈവനിശ്ചയം അനുസരിച്ചാണ് നടക്കുന്നതെന്നു പറയുന്നതോടൊപ്പം മനുഷ്യന് ജന്മസിദ്ധമായി അവൻ നല്കിയ സ്വാതന്ത്ര്യക്കുറിച്ചും അവൻ അവരെ ഉണർത്തുന്നുണ്ട്. നന്മ തിരഞ്ഞെടുത്ത് നല്ലവനാകാനും തിന്മ തിരഞ്ഞെടുത്ത് ദുഷ്ടനാകാനും സ്വാതന്ത്ര്യമുള്ളവരാണ് മനുഷ്യർ. എന്നാൽ ഈ തിരഞ്ഞെടുപ്പിനനുസരിച്ചായിരിക്കും മരണാനന്തരമുള്ള അവൻെറ ജീവിതപരിണതി നിശ്ചയിക്കപ്പെടുക.

ഭൗതികസുഖസൗകര്യങ്ങളുടെ കാര്യമോ?

ചിലപ്പോള്‍ തന്നെക്കാള്‍ ഉന്നതരും കഴിവുമുള്ളവരെ നോക്കി നാം പ്രയാസ പ്പെടുന്നു: കണ്ടില്ലേ, ദൈവം അവന് എന്തെല്ലാം കഴിവുകള്‍ കൊടുത്തു? എന്തുകൊണ്ട് ദൈവം എനിക്കും അതുപോലെ തന്നില്ല? അവന്‍ തന്നെയല്ലേ എന്‍െറയും ദൈവം? ഇത് നീതിയാണോ?

ഇത് ചിലപ്പോള്‍ ശരിയാണെന്നു തോന്നാം. പക്ഷേ, കാര്യകാരണബന്ധം വിലയി രുത്തുമ്പോള്‍ ആ തോന്നല്‍ അബദ്ധമാണെന്ന് മനസ്സിലാകും. ഇത് പ്രപഞ്ചത്തിന്‍െറ സംതുലിതത്വം നിലനിറുത്തുന്നതിനുള്ള ദൈവിക സംവിധാനമാണത്. അതിലാണ് തന്‍െറ ജീവന്‍ എന്നു വിശ്വസിക്കാനും, തനിക്ക് ലഭിച്ച സൗകര്യങ്ങളെയോര്‍ത്ത് ദൈവ ത്തെ സ്തുതിക്കാനുമാണ് നാം തയാറാകേണ്ടത്. ഇവിടെ ദൈവത്തിന്‍െറ നിസ്സീമമായ കാരുണ്യത്തെക്കൂടി നാം കാണണം. താന്‍ ജീവിക്കുന്ന സാമൂഹികാന്തരീക്ഷത്തില്‍ നിന്നു കൊണ്ട് അതിന് പെട്ടെന്ന് സമാധാനം കണ്ടെത്താന്‍ നമുക്ക് സാധിക്കും. ഉയര്‍ന്ന ഡോക്ടര്‍മാര്‍ മുതല്‍ കൂലിവേലക്കാരന്‍ വരെ ചേര്‍ന്നതാണ് ഒരു സമൂഹം. അവ രെല്ലാവരും ഒരുപോലെ സഹകരിച്ചെങ്കില്‍ മാത്രമേ സമൂഹത്തിന്‍െറ സംതുലിതാവസ്ഥ നിലനില്‍ക്കുകയുള്ളൂ. അഥവാ വൈവിധ്യത്തിലാണ് മനുഷ്യന്‍െറ ജീവിതം ഏകദൈവം നിശ്ചയിച്ചിട്ടുള്ളത്. സമൂഹത്തില്‍ എല്ലാവരും ഡോക്ടര്‍മാരായിരുന്നെങ്കില്‍ എന്താണ് സംഭവിക്കുക? അതിനാല്‍ ദൈവം ചിലര്‍ക്ക് മറ്റു ചിലരെക്കാള്‍ കഴിവും പ്രാപ്തിയും നല്കി. ഓരോരുത്തനും നല്കിയ കഴിവും പ്രാപ്തിയും അനുസരിച്ചു മാത്രമാണ് ദൈവം കര്‍മങ്ങള്‍ക്ക് ആവശ്യപ്പെടുന്നുള്ളൂ. അതിനനുസൃതമായേ അവന്‍ അവരെ വിചാരണ ചെയ്യുകയുള്ളൂ. അതോടൊപ്പം ഈ കഴിവുകള്‍ ഒരു പരീക്ഷണം കൂടിയാ ണെന്ന് നാം മനസ്സിലാക്കുക. താന്‍ നല്കിയ കഴിവുകള്‍ അവന്‍ എന്തിനു വേണ്ടി ചെലവഴിക്കുന്നു എന്നതാണ് ആ പരീക്ഷണം.

പ്രവാചകന്‍ മുഹമ്മദ് പറഞ്ഞു: "നിങ്ങള്‍ പ്രവര്‍ത്തിക്കുക. ഓരോരുത്തരും എന്തിനു വേണ്ടി സൃഷ്ടിക്കപ്പെട്ടോ ആ പ്രവൃത്തി അവരില്‍നിന്ന് ഉത്ഭവിക്കുക തന്നെ ചെയ്യും."

ഏകദൈവം എല്ലാ കാര്യങ്ങളും കണക്കാക്കിയിട്ടുണ്ട്. അവ സംഭവിക്കുന്ന സ്ഥലവും സമയവും അവന്‍ നിര്‍ണയിച്ചിട്ടുണ്ട്. അതനുസരിച്ച് അവ സംഭവിക്കുക തന്നെ ചെയ്യും.

കഴിഞ്ഞതിനെപ്പറ്റി നിരാശനാകാതിരിക്കുക. ഭാവിയില്‍ ശുഭാപ്തി കൈക്കൊള്ളുക. അത് ശോഭനമാവാന്‍ അധ്വാനിക്കുകയും പ്രാര്‍ഥിക്കുകയും ദൈവത്തില്‍ ഭരമേല്പി ക്കുകയും ചെയ്യുക.

ദൈവം നല്കിയത് തൃപ്തിപ്പെടുകയും അതിന് അവനോട് നന്ദിപ്രകടിപ്പിക്കുകയും ചെയ്യുക. അത് കൂടുതല്‍ ലഭിക്കുവാന്‍ കാരണമാകും. വലിയ മാനസിക ഐശ്വര്യ മത്രെ അത്.

സംഭവിച്ച പ്രയാസങ്ങളില്‍ തകരാതെയും അവിവേകം പ്രവര്‍ത്തിക്കാതെയും ക്ഷമ കൈക്കൊള്ളുക. അത് പ്രയാസങ്ങളെ ലഘൂകരിക്കാനും ആത്മസംതൃപ്തി ലഭിക്കു വാനും പര്യാപ്തമാണ്.

വിഭവങ്ങളുടെ കാര്യത്തില്‍ ദുഃഖിക്കാതിരിക്കുക, അഹങ്കരിക്കാതെയുമിരിക്കുക. നമ്മു ടെ സാമര്‍ഥ്യമോ കഴിവോ അല്ല, നാം അനുഭവിക്കുന്നത്. തികച്ചും ദൈവിക പരീക്ഷ ണമാണ്. സന്തോഷത്തെ ദൈവത്തോട് നന്ദി കാണിക്കുവാനും ദുഃഖത്തെ അവനു വേണ്ടി ക്ഷമയവലംബിക്കാനുള്ള സന്ദര്‍ഭവുമാക്കുക.

വിധിയെ പഴിക്കാതിരിക്കുക, വേപഥു കൊള്ളാതെയുമിരിക്കുക. കാരണം, ദൈവം വിധിച്ചതേ സംഭവിക്കുകയുള്ളൂ. അതെവിടെയായാലും അനുഭവിച്ചേ തീരൂ.

എല്ലാറ്റിലും നന്മയുണ്ട് എന്ന ശുഭാപ്തി ചിന്ത കൈക്കൊള്ളുക.

*തയാറാക്കിയത്:*
*ജലീല്‍* aj@vazhi.org